LIBRARY ARCHIVES Kerala Legislative Assembly

തടവുകാർക്കുള്ള ഭക്ഷണ വിതരണത്തിലെ പ്രതിസന്ധി

171(5760) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിലെ തടവുകാർക്കുള്ള ഭക്ഷണ വിതരണം പ്രതിസന്ധിയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനിടയായ സാഹചര്യം പരിശോധിക്കുകയുണ്ടായോ ;

(ബി) ജയിൽ തടവുകാർക്കുള്ള ഭക്ഷണത്തിനായി സർക്കാർ പണം നൽകുന്നത് എപ്പോഴാണ് ; ഈ വർഷാരംഭത്തിലെ അലോട്ട്മെന്റ് നൽകുന്നതിന് വീഴ്ചയുണ്ടായിട്ടുണ്ടോ ;

(സി) ഭക്ഷണം മുടങ്ങുന്ന സാഹചര്യമുണ്ടായാൽ ജയിലുകളിൽ ഭീതിജനകമായ അന്തരീക്ഷം സൃഷ്ടിക്കപ്പെടുമെന്നറിയാമോ ; പ്രസ്തുത സ്ഥിതിവിശേഷം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അതാതു സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ ആണ് ഇക വകയിരുത്തുന്നത്. അലോട്ട്മെന്റ് നൽകുന്നതിൽ വീഴ്ച ഉണ്ടായിട്ടില്ല.

(സി) ജയിലുകളിൽ ഭക്ഷണം മുടങ്ങുന്ന സ്ഥിതിവിശേഷം ഉണ്ടാകാറില്ല.

കുറയുന്ന വനവിസ്തൃതി

172(5761) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനവിസ്തൃതി ആശങ്കപ്പെടുത്തും വിധം കുറഞ്ഞു വരുന്നതായി ശ്രദ്ധിച്ചിട്ടുണ്ടോ ;

(ബി) വനവും വന്യമൃഗങ്ങളും സംരക്ഷിക്കപ്പെടുന്നതിനായി പൊതുജന പങ്കാളിത്തത്തോടെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ; വിശദാംശം ലഭ്യമാക്കാമോ ;

(സി) വനഭൂമി അനധികൃതമായി കൈയ്യേറിയവരെ ഒഴിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) വനമേഖലയിൽ പടർന്നു പിടിക്കുന്ന കാട്ടുതീ തടയുന്നതുൾപ്പെടെയുള്ള എന്തെല്ലാം നടപടികളാണ് വന സംരക്ഷിക്കുന്നതിനായി സ്വീകരിച്ചു വരുന്നത് ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വനം കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുകയുണ്ടായി ; ജില്ലാ അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) വന സംരക്ഷണത്തിന് ജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനായി പൊതുജന പങ്കാളിത്തത്തോടെ ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്. ഇ.ഡി.സി.-കളിലെ അംഗങ്ങളെ പ്രൊട്ടക്ഷൻ വാച്ചർമാരായും ഫയർ വാച്ചർമാരായും ടൂറിസ്റ്റ് ഗൈഡുകളായും നിയോഗിച്ച് വനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇ.ഡി.സി.-കളിലെ അംഗങ്ങളുടെ സഹായത്തോടെ വനപരിശോധനയും രഹസ്യ വിവരശേഖരണവും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. കൂടാതെ പ്രകൃതിപഠന ക്യാമ്പുകളിലൂടെ വനസംരക്ഷണത്തെക്കുറിച്ചുള്ള അവബോധം പൊതുജനങ്ങൾക്ക് നൽകുന്നുണ്ട്. ജനപ്രതിനിധികൾ, പോലീസ്, വനം, എക്സൈസ് ഉദ്യോഗസ്ഥ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി വനമേഖലാ ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഇ.ഡി.സി.കൾ മുഖേന ജൈവ കൃഷി നടത്തുന്നതിനുള്ള സൗകര്യങ്ങളും കാർഷികോൽപന്നങ്ങൾ ഇക്കോ ഷോപ്പ് മുഖേന വിതരണം ചെയ്യുന്നതിനുള്ള സൗകര്യങ്ങളും നടപ്പാക്കിയിട്ടുണ്ട്. 22-6-2011-ലെ ജി.ഒ. (ആർ.ടി.) നമ്പർ 273/11/വനം പ്രകാരം ജനപ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് വനസംക്ഷണത്തിനും വികസന പ്രവർത്തനത്തിനുമായി കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

(സി) വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും വനാതിർത്തി സംരക്ഷിക്കുന്നതിനുമായി വന സംരക്ഷണ ജീവനക്കാരെ നിയമിക്കുകയും അവർക്ക് ആവശ്യമുള്ള വാഹനങ്ങൾ, ആയുധങ്ങൾ എന്നിവ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഉൾപ്രദേശങ്ങളിൽ നിരന്തരമായ റെയ്ഡുകൾ, പട്രോളിംഗ് എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വി.എസ്.എസ്., ഇ.ഡി.സി. അംഗങ്ങളുടെ സേവനം ഫലപ്രദമായി ഉപയോഗിക്കുകയും അതിർത്തികളിൽ ജണ്ടകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വനമേഖലകളിലെ ഓരോ സംരക്ഷിത മേഖലകളുടേയും മാനേജ്മെന്റ് പ്ലാനിൽ ഫയർ പ്രൊട്ടക്ഷൻ പ്ലാൻ എഴുതിയിട്ടുണ്ട്. അതുപ്രകാരം ഓരോ ഫയർ സീസൺ തുടങ്ങുന്നതിനുമുമ്പും ഓരോ ഡിവിഷനിലും മുൻകാല അനുഭവങ്ങളെ അടിസ്ഥാനമാക്കി ഒരു ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നുണ്ട്. ടി ഫയർപ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഓരോ ഡിവിഷനിലും നടപ്പാക്കിവരുന്നുണ്ട്. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഫയർലൈൻ എടുക്കുന്നുണ്ട്. കാട്ടുതീ ഉണ്ടാകവാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളെ പല ഫയർ ബ്ലോക്കുകളായി തിരിച്ച് ഫയർ വാച്ചർമാർ ഉൾപ്പെട്ട ഫയർ ഗ്യാങ് രൂപീകരിച്ചിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ ടി ഫയർ ഗ്യാങ്ങുകളുടെ സേവനം ഉപയോഗിക്കുന്നുണ്ട്. ജനപങ്കാളിത്തത്തോടെയുള്ള അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾക്കായി ഇ.ഡി.സി.-കളുടെ സേവനം ലഭ്യമാക്കുന്നുണ്ട്. കാട്ടുതീ തടയേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ജനവാസ കേന്ദ്രങ്ങളിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. പ്രദേശങ്ങളിലെ സ്കൂൾ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ ബോധവൽക്കരണ ക്യാമ്പുകൾ, റാലികൾ എന്നിവ സംഘടിപ്പിക്കുകയും ബ്രോഷർ, അഗ്നി പ്രതിരോധ സന്ദേശങ്ങൾ എന്നിവ വിതരണം ചെയ്യുന്നുമുണ്ട്. അതികഠിനമായ വേനൽക്കാലത്ത് കാട്ടുതീ പടരാൻ സാധ്യതയുള്ള സംരക്ഷിത മേഖലകൾ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുമതിയോടുകൂടി നിശ്ചിത കാലയളവിലേക്ക് അടച്ചിടാറുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒഴിപ്പിച്ച വനം കയ്യേറ്റങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ല	എണ്ണം
1	തിരുവനന്തപുരം	2
2.	കൊല്ലം	6
3	കോട്ടയം	4
4	ഇടുക്കി	46
5	എറണാകുളം	1
6	പാലക്കാട്	17
7	തൃശ്ശൂർ	48
8	മലപ്പുറം	8
9	വയനാട്	58
10	കണ്ണൂർ	2
	ആകെ	192